വ്യവസായ, ധനകാര്യ വകുപ്പുമന്ത്രിമാരും ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ നൽകി ഇത് പരിഹരിച്ചാൽ 67 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാൻ സാധിക്കും. അത് കേരളത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്ന കാര്യം വളരെ വിനയപൂർവ്വം അറിയിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ടാവൻകൂർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം കിൻഫ്ര ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഫണ്ട് കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. ഇതുസംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസ് വേഗം തീർക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

5. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ നിയമം

ശ്രീ. എ. പ്രദീപ്കുമാർ: സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള ചില പ്രശ്നങ്ങളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മൾട്ടിലെവൽ മാർക്കറ്റിംഗ് ഇന്ത്യയിൽ വികസിച്ചുവരുന്ന മേഖലയാണ്. പതിനായിരക്കണക്കിന് അഭ്യസ്ത വിദ്യരായ തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുവരുന്നുണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ മിക്ക രാജ്യങ്ങളിലും നിയമങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യയിൽ അത്തരമൊരു നിയമം ഉണ്ടായിട്ടില്ല. ജനങ്ങളെ കബളിപ്പിക്കുന്ന മണിചെയിൻ പോലുള്ള തട്ടിപ്പുകൾ അരങ്ങേറുന്നത് ഈ സാഹചര്യത്തിലാണ്. അതുകൊണ്ടു തന്നെ മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് ന്യായമായി ജോലി ചെയ്യുന്നവരെ സംരക്ഷിക്കാൻ ഒരു നിയമം വേണമെന്ന് തൊഴിലാളി സംഘടനകൾ നേരത്തേ ആവശ്യപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വാണിജ്യ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഒരു നിയമം ഉണ്ടാക്കുമെന്ന് സർക്കാർ നേരത്തെ ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഈ തീരുമാനം ഉണ്ടായിട്ട് ഒരു വർഷം പിന്നിട്ടിട്ടും നിയമനിർമ്മാണം നടത്തിയിട്ടില്ല. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെ ക്രമീകരിക്കാനും തൊഴിലാളികൾക്ക് സംരക്ഷണം ലഭിക്കാനുമുതകുന്ന ഒരു നിയമം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ച കാര്യങ്ങൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് നടന്നുവരുന്ന മോശമായ പ്രവണതകൾ തടയുന്നതിനും നല്ല രീതിയിൽ പ്രവർത്തനം നടത്തുന്ന വർക്ക് സംരക്ഷണം നൽകുന്നതിനുമായി കേരള സ്റ്റേറ്റ് മൾട്ടിലെവൽ മാർക്കറ്റിംഗ് കൺട്രോൾ ആന്റ് റെഗുലേഷൻ ബിൽ 2014 തയ്യാറായിട്ടുണ്ട്. ഇതിന് നിയമ വകുപ്പിന്റെ പരിശോധന പൂർത്തിയായിരിക്കുകയാണ്. ഇനി നികുതി വകുപ്പിന്റെ അഭിപ്രായം കൂടി ലഭിക്കാനുണ്ട്. കൂടാതെ പ്രസിഡന്റിന്റെ അസെന്റും വേണം. ബിൽ ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.

6. ക്യാൻസർ രോഗികളുടെ വർദ്ധിക്കുന്നു

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഭയാനകമായ വിധത്തിലാണ് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത്. ക്യാൻസർ രോഗികളിൽ ഏറ്റവും കൂടുതൽ മലബാർ ജില്ലകളിൽ നിന്നുള്ളവരാണ്. രോഗികളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചുനോക്കിയാൽ മലബാറിൽ നിന്നുള്ള രോഗികളാണ് ആർ.സി.സി.യെ ആശ്രയിക്കുന്നതെന്ന് കാണാൻ കഴിയും. മലബാർ ഭാഗത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്ന തീവണ്ടികളിൽ മിക്കവാറും കോച്ചുകളിൽ ഈ രോഗികളാണ് കയറി ഇങ്ങോട്ട് വരുന്നതെന്ന കാര്യം മലബാറിൽ നിന്നുള്ള എം.എൽ.എ.മാർക്ക് അറിയാവുന്ന കാര്യമാണ്. അങ്ങനെ വരാൻ കാരണം, മലബാർ പ്രദേശത്ത് വിശ്വസനീയവും ആധുനിക സൗകര്യങ്ങളുള്ളതും ശ്രദ്ധേയവുമായ സ്ഥാപനങ്ങൾ ഈ ചികിത്സാ മേഖലയിൽ ഇല്ലായെന്നുള്ളതു കൊണ്ടാണ്. ഒരു പരിധിവരെയെങ്കിലും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നത് പരിയാരത്തുള്ള മെഡിക്കൽ കോളേജും തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററും കോഴിക്കോട് മെഡിക്കൽ കോളേജുമാണ്. അതിൽ മലബാർ ക്യാൻസർ സെന്ററിൽ രോഗികളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും രോഗികളെ ഫലപ്രദമായി പരിചരിക്കാൻ കഴിയാത്തവിധം ഡോക്ടർമാർപോലും ഇല്ലാത്ത അവസ്ഥയാണ്. ഇപ്പോൾത്തന്നെ ആറ് ഡോക്ടർമാർ അവിടെ നിന്ന് വിട്ടുപോയി. അതിനുള്ള കാരണം ആർ.സി.സി.ക്ക് തുല്യമായ സൗകര്യങ്ങൾ ആ ഡോക്ടർമാർക്ക് ചെയ്തു കൊടുക്കുന്നില്ല എന്നുള്ളതാണ്. മലബാറിന്റെ സിരാകേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയെന്നത് ഇപ്പോൾ ഒരു ഡിപ്പാർട്ടുമെന്റ് മാത്രമാണ്. അങ്ങനെ ഡിപ്പാർട്ടുമെന്റ് ആയതുകൊണ്ടുമാത്രമല്ല, അവിടെ ഇതുമായി ബന്ധപ്പെട്ട ടെസ്റ്റുകൾ പല

LIBRARY ARCHIVES Kerala Legislative Assembly